**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 215** **14-02-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യസംസ്കരണ മേഖലയെ മികച്ച വരുമാനദായകമാക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മത്സ്യസംസ്കരണ മേഖലയിലെ തൊഴിൽ സാഹചര്യങ്ങൾ ആധുനികവത്കരിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | മത്സ്യസംസ്കരണ മേഖലയിലെ തൊഴിൽ സാഹചര്യങ്ങൾ ആധുനികവത്ക്കരിച്ച് മാത്രമേ കയറ്റുമതി വർദ്ധനവ് സാധ്യമാക്കുവാൻ കഴിയൂ എന്നുള്ളതിനാൽ ആധുനികവത്ക്കരണം ആവശ്യമാണ്.<br><br>മത്സ്യ സംസ്കരണ മേഖലയിൽ പ്രത്യേകിച്ചും പീലിംഗ് ഷെഡുകളിൽ ജോലിയെടുക്കുന്ന തൊഴിലാളികളുടെ തൊഴിൽ സാഹചര്യം, പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച് പഠനം നടത്തുന്നതിന് ഒരു സമിതിയെ നിയോഗിക്കുകയും പ്രസ്തുത സമിതി വിശദമായ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ചു വരുന്നു. |
| (ബി) | സംസ്ഥാനത്തെ മത്സ്യ മേഖലയുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്നവർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുന്നതിന് സീഫുഡ് ഇന്നവേഷൻ ക്ലസ്റ്റർ പോലെയുള്ള പദ്ധതികൾ നടപ്പിലാക്കുവാനുദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ; | (ബി) | സംസ്ഥാനത്ത് മത്സ്യമേഖലയുടെ ഉന്നമനത്തിനും മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് നേരിട്ടും അല്ലാതെയും ഉപജീവനം നടത്തുന്നവർക്ക് തൊഴിലവസരങ്ങളും മെച്ചപ്പെട്ട വരുമാനവും ഉറപ്പാക്കുന്നതിന് മത്സ്യബന്ധന മേഖലയിലും അനുബന്ധ മേഖലയിലും ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തിയും, പുതിയ സംരംഭകർക്ക് പ്രോത്സാഹനം നൽകിയും മത്സ്യബന്ധന മേഖലയിൽ ഒരു നൂതന വ്യവസായ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് ലക്ഷ്യമിട്ട് ഒരു ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ രൂപീകരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു. |
| (സി) | മത്സ്യബന്ധന-മത്സ്യസംസ്കരണ മേഖലയെ മികച്ച വരുമാനദായക മേഖലയാക്കി മാറ്റുന്നതിന് ഏകജാലക സംവിധാനത്തിലൂടെ സംഘടിതമായ വിവര വിനിമയവും സംരംഭകത്വ പ്രോത്സാഹനവും നൽകുന്നതിനുദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ; | (സി) | മത്സ്യബന്ധന-മത്സ്യസംസ്കരണ മേഖലയെ മികച്ച വരുമാനദായക മേഖലയാക്കി മാറ്റുന്നതിന് ഏകജാലക സംവിധാനത്തിലൂടെ സംഘടിതമായ വിവരവിനിമയവും സംരംഭകത്വ പ്രോത്സാഹനവും നൽകുന്നതിനുള്ള സംവിധാനങ്ങൾ നിലവിൽ ഇല്ല. |

| | | | |
|---|---|---|---|
| | | | ഇതിനായി മത്സ്യബന്ധന മേഖലയിൽ സാധ്യമായ എല്ലാ വിഭവ സ്രോതസ്സുകൾ പ്രയോജനപ്പെടുത്തിയും മേഖലയുടെ വികസനത്തിന് ആവശ്യമായ സാങ്കേതിക വിദ്യകൾ വികസിപ്പിക്കുന്നതിനും അവ പ്രയോജനപ്പെടുത്തി വാണിജ്യ വൽക്കരിക്കുന്നതിനും, മത്സ്യബന്ധന അനുബന്ധ മേഖലകളിൽ സ്റ്റാർട്ട് അപ്പുകൾ, വ്യവസായ സംരഭകർ, നിക്ഷേപകർ എന്നിവർക്ക് കൂടുതൽ അവസരങ്ങൾ സൃഷ്ടിച്ചു കൊണ്ടും മത്സ്യബന്ധന മേഖലയെ മികച്ച ഒരു വരുമാന ദായക മേഖലയും ഒപ്പം തൊഴിൽ ദായക മേഖലയുമാക്കി മാറ്റുന്നത് ലക്ഷ്യമിട്ടു കൊണ്ടു ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ സ്ഥാപിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഗവേഷണ സ്ഥാപനങ്ങൾ, സ്റ്റാർട്ട് അപ്പുകൾ, ചെറുകിട സംരംഭകർ, നിക്ഷേപകർ എന്നിവർ തമ്മിലുള്ള സുഗമമായ ആശയവിനിമയം സാധ്യമാക്കിയും മേഖലയിൽ നിലനിൽക്കുന്ന ആവശ്യകതകളെയും വികസന വിടവുകളെയും നികത്തുന്നതിന് ഉതകുന്ന സാങ്കേതിക വിദ്യകൾ വികസിപ്പിക്കുന്നതിനും ആയവ വാണിജ്യവൽക്കരിച്ച് സംരഭകത്വ-തൊഴിൽ അന്വേഷകർക്ക് അവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഇത്തരം പ്രവർത്തനങ്ങൾ സുഗമമായി സാധ്യമാക്കുന്നതിനുമുള്ള ഒരു ഏകജാലക സംവിധാനമായി ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ പ്രവർത്തിക്കും. |
| (ഡി) | വികസിത വിദേശ രാജ്യങ്ങളിലെ നൂതന സാങ്കേതികവിദ്യയും വൈജ്ഞാനിക ശേഷിയും സംസ്ഥാനത്തെ മത്സ്യസംസ്കരണ മേഖലയിലേക്ക് ഉപയോഗപ്പെടുത്തുന്നതിനുദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ? | (ഡി) | നോർവെ, വിയറ്റ്നാം തുടങ്ങിയ രാജ്യങ്ങളിലെ മത്സ്യ ഉല്പാദന സംസ്കരണ മേഖലകളിലെ ആധുനിക സാങ്കേതിക വിദ്യകളും അത്യാധുനിക ഉപകരണങ്ങളും സംസ്ഥാനത്തെ മത്സ്യമേഖലയ്ക്ക് ഉപയുക്തമാക്കുന്നതിനുള്ള നടപടികൾ സർക്കാർ ആലോചിച്ചു വരുന്നു. പുതുതായി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്ന ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ വഴി വൈജ്ഞാനിക-സാങ്കേതിക വിദ്യകൾ ലഭ്യമാക്കുവാൻ സാധിക്കുന്നതാണ്.<br><br>സംസ്ഥാന സർക്കാരിന്റെ 'കേരളീയം' പരിപാടിയുമായി ബന്ധപ്പെട്ട് മത്സ്യബന്ധന വകുപ്പ് മുൻകൈയെടുത്ത് വിദേശ രാജ്യങ്ങളിലെ ശാസ്ത്രജ്ഞരെ ഉൾപ്പെടുത്തി നടത്തിയ സെമിനാറിൽ നൂതന സാങ്കേതികവിദ്യയും വൈജ്ഞാനിക ശേഷിയും ചർച്ച ചെയ്തിരുന്നു. |

സെക്ഷൻ ഓഫീസർ